**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1769** **15-03-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ബസുകൾക്ക് രൂപഭേദം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ഡീസൽ ബസുകളെ പരിസ്ഥിതി സൗഹൃദ എൽ.എൻ.ജി./സി.എൻ.ജി. യിലേക്ക് മാറ്റുന്നതിന്റെ ഭാഗമായി 2021-22 കാലയളവിൽ എത്ര വണ്ടികൾക്ക് രൂപഭേദം വരുത്തി; ജില്ല തിരിച്ച് കണക്ക് നൽകാമോ; | (എ) | കെ.എസ്.ആർ.ടി.സി. നിലവിൽ ബസ്സുകൾ ഒന്നുംതന്നെ എൽ.എൻ.ജി. / സി.എൻ.ജി.യി ലേക്ക് പരിവർത്തനം പൂർത്തീകരിച്ചിട്ടില്ല. പരീക്ഷണാർത്ഥം 5 ബസ്സുകൾ സി.എൻ.ജി. യിലേക്ക് പരിവർത്തനം ചെയ്യുന്നതിന് ദർഘാസ് ക്ഷണിച്ച്, വർക്ക് ഓർഡർ നൽകി 02.03.2022 തീയതിയിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |
| (ബി) | തിരുവനന്തപുരത്തെ ശ്രീചിത്ര തിരുനാൾ കോളേജ് ഓഫ് എൻജിനീയറിംഗിനെ പ്രമുഖ ഗവേഷണ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനം നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ? | (ബി) | മെക്കാനിക്കൽ ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ ഇന്നോവേഷൻ സെന്റർ സ്ഥാപിക്കുന്നതിനു വേണ്ടി 90 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ 50,15,326/- രൂപയുടെ പർച്ചേയ്സ് ഓർഡർ നൽകുകയും അതിൽ ഭൂരിപക്ഷ ഇനങ്ങളും ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ഇലക്ട്രോണിക്സ് ഡിപ്പാർട്ട്മെന്റിൽ നാനോ ഇലക്ട്രോണിക്സ് & മെറ്റീരിയൽസ് ലാബ് സ്ഥാപിക്കുന്നതിനായി 1 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ 55,82,125/- രൂപയുടെ പർച്ചേയ്സ് ഓർഡറുകൾ നൽകുകയും ഇവയിൽ ഭൂരിപക്ഷ ഇനങ്ങളും ലഭ്യമാകുകയും ചെയ്തു. ഇതുകൂടാതെ 40 ലക്ഷത്തോളം രൂപയുടെ ടെണ്ടർ ക്ഷണിക്കുകയും പർച്ചേയ്സ് ഓർഡർ നൽകുന്നതിന് നടപടി സ്വീകരിച്ചു വരികയുമാണ്. ഗവേഷണ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനായി 7.10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഡി.പി.ആർ. ചെയ്യുന്നതിന് വേണ്ടി M/s.ULCCS-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ